# ‘താല്ക്കാലിക ആവണക്കുകൾ’

യോനാ 4:6

“യോനായെ അവന്റെ സങ്കടത്തിൽ നിന്നു വിടുവിപ്പാൻ തക്കവണ്ണം അവന്റെ തലയ്ക്കു തണൽ ആയിരിക്കേണ്ടതിനു യഹോവയായ ദൈവം ഒരു ആവണക്കു കല്പിച്ചുണ്ടാക്കി, അത് അവനു മീതെ വളർന്നുപൊങ്ങി, യോനാ ആവണക്കു നിമിത്തം അത്യന്തം സന്തോഷിച്ചു”.

യോനായുടെ ചരിത്രം നാം പഴയനിയമത്തിൽ വായിക്കുന്നു. യോനാ ആരായിരുന്നു? ദൈവം വിളിച്ചു വീണ്ടെടുത്ത് അവന്റെ വേലയ്ക്കായി തിരഞ്ഞെടുത്ത പ്രവാചകൻ. ദൈവത്തിന് യോനായെക്കുറിച്ചുള്ള ഉദ്ദേശ്യം നിനവേയുടെ മാനസാന്തരം ആയിരുന്നു. ഈ ദൗത്യം നിർവ്വഹിക്കുന്നതിൽ അവനുണ്ടായ സങ്കടം ദൈവം കണ്ടു. ആ സങ്കടത്തിൽ നിന്നും അവനെ വിടുവിക്കാൻ ദൈവം ഒരു ആവണക്കിനെ കൊടുത്തു. പിന്നീട് ഈ ആവണക്കിനു എന്തു സംഭവിച്ചു? ദൈവം ഒരു പുഴുവിനെ കല്പിച്ചാക്കി. അതു ആവണക്കു കുത്തിക്കളഞ്ഞു. അതു വാടിപ്പോയി.

നമ്മുടെ കർത്താവിനു നമ്മെ ഓരോരുത്തരെക്കുറിച്ചും ഒരു ഉദ്ദേശ്യം ഉണ്ട്. നമ്മിലൂടെ ഓരോ ശുശ്രൂഷ നിറവേറ്റപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നു, എന്നാൽ ആ ശുശ്രൂഷയ്ക്കിടയിൽ നമുക്കു കഷ്ടങ്ങൾ ഉണ്ടാകാം, നഷ്ടങ്ങൾ ഉണ്ടാകാം, സങ്കടങ്ങൾ ഉണ്ടാകാം. ഇതിൽനിന്ന് വിടുവിപ്പാൻ, തണലായിരിപ്പാൻ ദൈവം നമുക്ക് ഒരു ആവണക്കിനെ തന്നിരിക്കുന്നു. ചിലപ്പോൾ ആ ആവണക്ക് നമ്മുടെ ജോലി, പണം, ആരോഗ്യം, കുഞ്ഞുങ്ങൾ, വിദ്യാഭ്യാസം ഇവ ആയിരിക്കും. ഇതു നമ്മുടെ പ്രയാസങ്ങളിൽ ആശ്വസിക്കുവാൻ തന്നിരിക്കുന്ന താല്ക്കാലിക ആവണക്കുകൾ മാത്രം. ഇതിൽ അത്യധികം സന്തോഷിച്ച് ജീവിതം നശിപ്പിക്കുവാൻ ദൈവം നമ്മെക്കുറിച്ച് ഉദ്ദേശിച്ചിട്ടില്ല. ഈ ലോകത്തിന്റെ വസ്തുവകകളിൽ, സ്ഥാനമാനങ്ങളിൽ നാം അധികം സന്തോഷിച്ചാൽ അതു സങ്കടങ്ങൾ വരുത്തിവയ്ക്കും.

അതുകൊണ്ട് ആവണക്കുകൾ തന്ന ദൈവത്തിൽ ആയിരിക്കണം നമ്മുടെ സന്തോഷം. നമുക്കു ലഭിച്ച ദാനങ്ങളിൽ അല്ല നാം സന്തോഷിക്കേണ്ടത്, ദാനങ്ങളെ തന്ന കർത്താവിലത്രേ നാം സന്തോഷിക്കേണ്ടത്. നമ്മോടു തന്നെ ചോദിക്കുക – നമ്മുടെ സന്തോഷം കർത്താവിലാണോ അതോ ആവണക്കിലാണോ?

ആവണക്കുകളെ തന്ന ദൈവത്തിൽ സന്തോഷിപ്പാൻ നമുക്കെല്ലാവർക്കും ഇടയാകട്ടെ.

പരാമർശം :

ഫിലിപ്പിയർ 4:4

കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ, സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു.

സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 002